## പ്രഫ.എം.വി.പൈലി അവാർഡ് സമർപ്പണം 4ന്

കളമശേരി ● രാജ്യത്തെ മികച്ച വിദ്യാഭ്യാസ വിദഗ്ധന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നൽകുന്ന പ്രഫ.എം.വി. പൈലി അവാർഡ് (ഒരു ലക്ഷം രൂപ) സമർപ്പണം 4ന് നടത്തും. പാലക്കാട് ഐഐടി ഡയറക്ടർ ഡോ.പി.ബി.സുനിൽകുമാറാണ് അവാർഡ് ജേതാവ്.

മലയാള മനോരമ 28/08/2020 പേജ്-03

## എം വി പൈലി അവാർഡ് സമർപ്പണം നാലിന്

കളമശേരി

രാജ്യത്തെ മികച്ച വിദ്യാഭ്യാസ വിദഗ്ധന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നൽകുന്ന പ്രൊഫ. എം വി പൈലി അവാർഡ് സപ്തംബർ നാലിന് സമ്മാനിക്കും. പാലക്കാട് ഐഐടി ഡയറക്ടർ ഡോ. പി ബി സുനിൽകുമാറാണ് അവാർഡ് ജേതാവ്. കുസാറ്റ് സെമിനാർ കോംപ്ലക്സിൽ പകൽ രണ്ടിന് നടക്കുന്ന ചടങ്ങിൽ വൈസ്ചാൻസലർ ഡോ. കെ എൻ മധുസൂദനൻ അവാർഡ് സമ്മാനിക്കും.

ദേശാഭിമാനി 28/08/2020 പേജ്-02

## പ്രൊഫ. എം വി പൈലി അവാർഡ് ഇന്ന് സമ്മാനിക്കും

കളമശേരി

രാജ്യത്തെ മികച്ച അധ്യാപകന് കൊച്ചി സർവകലാശാല നൽകുന്ന പ്രൊഫ. എം വി പൈലി അവാർഡ് പാലക്കാട് ഐഐടി ഡയറക്ടർ പ്രൊഫ. പി ബി സുനിൽ കുമാറിന് വെള്ളിയാഴ്ച സമ്മാനിക്കും. സെമിനാർ കോംപ്ലക്സ് മിനിഹാളിൽ പകൽ രണ്ടിന് നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. കെ എൻ മധുസൂദനൻ അവാർഡ് നൽകും. രണ്ടുവർഷത്തിലൊരിക്കലാണ് അവാർഡ് നൽകുന്നത്.

ദേശാഭിമാനി 04/09/2020 പേജ്-08

## എം.വി. പൈലി അവാർഡ് സമ്മാനിച്ചു

**കൊച്ചി:** മുൻ വി.സി പ്രഫ. എം.വി. പൈലിയുടെ പേരിൽ രാജ്യത്തെ വിദ്യാഭ്യാസ വിദഗ്ധന് കൊച്ചി സർവകലാശാല നൽകുന്ന അവാർഡ് പാലക്കാട് ഐ.ഐ.ടി ഡയറക്ടർ പ്രഫ. പി.ബി. സുനിൽകുമാറിന് സമ്മാനിച്ചു. രണ്ടുവർഷത്തിലൊരിക്കൽ നൽകുന്ന അവാർഡ് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും മെമന്റോയും അടങ്ങുന്നതാണ്.

കുസാറ്റ് വൈസ് ചാൻസലർ ഡോ. കെ.എൻ. മധുസൂദനൻ അധ്യക്ഷത വഹിച്ചു. വി.സി.യും പ്രോ-വി.സി. ഡോ. പി.ജി. ശങ്കരനും ചേർന്ന് അവാർഡ് ദാനം നടത്തി. രജിസ്ട്രാർ ഡോ. വി. മീര, പ്രഫ. പി.ആർ. പൊതുവാൾ, സി-സിസ് ഡയറക്ടർ ഡോ. എം. ഭാസി, 2017ലെ അവാർഡ് ജേതാവ് ഡോ. കുഞ്ചെറിയ പി. ഐസക്, കുസാറ്റ് സോഷ്യൽ സയൻസ് ഡീൻ ഡോ. എസ്. ഹരികുമാർ, പരീക്ഷ കൺട്രോളർ ഡോ. ബെഞ്ചമിൻ വർഗീസ് എന്നിവർ സംസാരിച്ചു.

മാധ്യമം 05/09/2020 പേജ്-08

## പ്രഫ. എം.വി. പൈലി സ്മാരക പുരസ്കാരം നൽകി

കളമശേരി ● രാജ്യത്തെ മികച്ച വിദ്യാഭ്യാസ വിചക്ഷണന്നു കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ഏർപ്പെടുത്തിയ പ്രഫ. എം.വി. പൈലി പുരസ്കാരം പാലക്കാട് ഐഐടി ഡയറക്ടർ പ്രഫ.പി.ബി. സുനിൽകുമാർ ഏറ്റുവാങ്ങി. കുസാറ്റ് വൈസ്ചാൻസലർ പ്രഫ. കെ.എൻ. മധുസൂദനൻ പുരസ്കാരം നൽകി. പ്രോ വൈസ്ചാൻസലർ പി.ജി. ശങ്കരൻ, റജിസ്ട്രാർ ഡോ. വി. മീര, ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് വൈസ്ചാൻസലർ ഡോ. കുഞ്ചെറിയ പി. ഐസക്ക്, പ്രഫ.എസ്. ഹരികുമാർ, ഡോ. പി.ആർ. പൊതുവാൾ, ശാസ്ത്ര സമൂഹ കേന്ദ്രം ഡയറക്ടർ ഡോ. എം. ഭാസി, എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ 05/09/2020 പേജ്-02

## പ്രൊഫ. എം.വി. പൈലി പുരസ്കാരം പ്രൊഫ. പി.ബി. സുനിൽ കുമാറിന് സമ്മാനിച്ചു

**കളമശ്ശേരി ▸** കൊച്ചി സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. എം.വി. പൈലിയുടെ പേരിൽ രാജ്യത്തെ വിദ്യാഭ്യാസ വിദഗ്ധന് സർവകലാശാല നൽകുന്ന പുരസ്കാരം പാലക്കാട് ഐ.ഐ.ടി. ഡയറക്ടർ പ്രൊഫ. പി.ബി. സുനിൽകുമാറിന് കുസാറ്റ് വൈസ് ചാൻസലർ ഡോ. കെ.എൻ. മധുസൂദനൻ സമ്മാനിച്ചു. രണ്ടു വർഷത്തിലൊരിക്കൽ നൽകുന്ന അവാർഡ് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും മെമന്റോയുമടങ്ങുന്നതാണ്.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തിയ ചടങ്ങിൽ കുസാറ്റ് പ്രോ വൈസ് ചാൻസലർ ഡോ. പി.ജി. ശങ്കരൻ, രജിസ്ട്രാർ ഡോ. വി. മീര, പ്രൊഫ. പി.ആർ. പൊതുവാൾ, സി-സിസ് ഡയറക്ടർ ഡോ. എം. ഭാസി, 2017-ലെ അവാർഡ് ജേതാവ് ഡോ. കുഞ്ചെറിയ പി. ഐസക്, കുസാറ്റ് സോഷ്യൽ സയൻസ് ഡീൻ ഡോ. എസ്. ഹരികുമാർ, പരീക്ഷാ കൺട്രോളർ ഡോ. ബെഞ്ചമിൻ വർഗീസ് എന്നിവർ സംസാരിച്ചു.



▶ കുസാറ്റ് വൈസ് ചാൻസലർ ഡോ. കെ.എൻ. മധുസൂദനൻ പ്രൊഫ. പി.ബി. സുനിൽ കുമാറിന് പ്രൊഫ. എം.വി. പൈലി പുരസ്കാരം സമ്മാനിക്കുന്നു. ഡോ. ബെഞ്ചമിൻ വർഗീസ്, ഡോ. വി. മീര, ഡോ. പി.ജി. ശങ്കരൻ, ഡോ. എം. ഭാസി എന്നിവർ സമീപം

മാതൃഭൂമി 6/09/2020 പേജ്-11